# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ കൊറിയ സന്ദർശിച്ചു (മാർച്ച് 5-6, 2024)

മാർച്ച് 6, 2024

പത്താമത് ഇന്ത്യ-കൊറിയ സംയുക്ത കമ്മീഷൻ യോഗത്തിൽ (JCM) പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 മാർച്ച് 5-6 തീയതികളിൽ കൊറിയ സന്ദർശിച്ചു. 2024 മാർച്ച് 6-ന് നടന്ന യോഗത്തിൽ കൊറിയൻ വിദേശകാര്യ മന്ത്രി ശ്രീ. ചോ തേ-യുല്ലിനൊപ്പം അദ്ദേഹം അധ്യക്ഷത വഹിച്ചു.

ഇരു സർക്കാരുകളുടെയും വിവിധ മന്ത്രാലയങ്ങളിലും വകുപ്പുകളിലും നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. വ്യാപാരം, നിക്ഷേപം, വികസന സഹകരണം, പ്രതിരോധവും സുരക്ഷയും, ശാസ്ത്രവും സാങ്കേതികവിദ്യയും, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള സഹകരണം തുടങ്ങിയ വിവിധങ്ങളായ മേഖലകളിലെ ഇന്ത്യ-കൊറിയ പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തത്തിന് കീഴിലുള്ള ഉഭയകക്ഷി സഹകരണത്തിൻ്റെ സമഗ്രമായ അവലോകനത്തിന് ഇത് വേദിയൊരുക്കി. സുപ്രധാനവും നവീനവുമായ സാങ്കേതികവിദ്യകൾ, സെമികണ്ടക്ടറുകൾ, ഹരിത ഹൈഡ്രജൻ, മനുഷ്യ വിഭവശേഷിയുടെ പങ്കിടൽ, പ്രതിരോധക്ഷമതയുള്ള വിതരണ ശൃംഖലകൾ തുടങ്ങി പുതിയ മേഖലകളിലേക്ക് സഹകരണം കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള വഴികളും ഇരു മന്ത്രിമാരും ചർച്ച ചെയ്തു. ഇന്തോ-പസഫിക് മേഖലയിലെ പൊതു താൽപ്പര്യമുള്ളതും ആശങ്കപ്പെടുത്തുന്നതുമായ സംഭവവികാസങ്ങളും ചർച്ചകളുടെ ഭാഗമായി. ബന്ധപ്പെട്ട ഇന്തോ-പസഫിക് വീക്ഷണങ്ങളും തന്ത്രങ്ങളും സംബന്ധിച്ച കാഴ്ചപ്പാടുകൾ ഇരുവരും പങ്കുവെക്കുകയും മേഖലയിലെ യോജിപ്പിച്ചുള്ള വിഷയങ്ങൾ വിലയിരുത്തുകയും ചെയ്തു.

കൊറിയയിലെ നിരവധി പ്രമുഖ വ്യക്തികളുമായും എല്ലാ തുറകളിൽ നിന്നുള്ള പ്രഗത്ഭരുമായും  സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തുകയുണ്ടായി. കൊറിയൻ പ്രധാനമന്ത്രി ശ്രീ. ഹാൻ ഡക്ക്-സൂവുമായി കൂടിക്കാഴ്ച നടത്തിയ വിദേശകാര്യ മന്ത്രി വ്യാപാര, വ്യവസായ, ഊർജ്ജ മന്ത്രി ശ്രീ. അഹൻ ഡക്ജിയോനുമായും ദേശീയ സുരക്ഷാ ഓഫീസ് ഡയറക്ടർ ശ്രീ. ചാങ് ഹോ-ജിനുമായും ചർച്ചകൾ നടത്തി. കൊറിയൻ വിദഗ്ധർ, അക്കാദമിക രംഗത്തുള്ളവർ, ബിസിനസുകാർ ഇന്ത്യൻ പ്രവാസികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തിയ വിദേശകാര്യ മന്ത്രി ഇന്ത്യയുടെ വികസനം, വിദേശനയം,

ഇന്ത്യ-കൊറിയ ബന്ധങ്ങളിലെ സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിട്ടു.

മാർച്ച് 5-ന്, കൊറിയ നാഷണൽ ഡിപ്ലോമാറ്റിക് അക്കാദമിയിൽ "ചക്രവാളങ്ങൾ വിശാലമാക്കൽ: ഇൻഡോ-പസഫിക്കിൽ ഇന്ത്യയും കൊറിയയും" എന്ന വിഷയത്തിൽ വിദേശകാര്യ മന്ത്രി പ്രഭാഷണം നടത്തുകയുണ്ടായി. വിതരണ ശൃംഖലയുടെ പ്രതിരോധശേഷി കെട്ടിപ്പടുക്കൽ, സാങ്കേതിക ശേഷികൾ പ്രയോജനപ്പെടുത്തൽ, കണക്റ്റിവിറ്റിയിലൂടെ ഭൂമേഖലകളെ ബന്ധിപ്പിക്കൽ എന്നിവയിലൂടെ ഇൻഡോ-പസഫിക്ക് മേഖലയിലും പുറത്തും സമാധാനത്തിനും അഭിവൃദ്ധിക്കുമായും ഇന്ത്യയ്ക്കും കൊറിയയ്ക്കും എങ്ങനെ പ്രവർത്തിക്കാമെന്നത് സംബന്ധിച്ച കാഴ്ചപ്പാടുകൾ അദ്ദേഹം പങ്കുവച്ചു.

ഇരു രാജ്യങ്ങളും തമ്മിലുള്ള പുരാതന നാഗരിക, സാംസ്കാരിക ബന്ധങ്ങളെ അഭിവൃദ്ധിപ്പെടുത്താനും വിദേശകാര്യ മന്ത്രിയുടെ സന്ദർശനം സഹായകമായി. അയോധ്യയുടെ സഹോദരി നഗരമായ ഗിംഹേ സിറ്റിയുടെ മേയറുടെ  നേതൃത്വത്തിലുള്ള പ്രതിനിധി സംഘവുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. കൊറിയയിൽ ക്വീൻ ഹിയോ ഹ്വാങ്-ഓക് എന്ന് അറിയപ്പെടുന്ന, അയോധ്യയിൽ നിന്നുള്ള സൂരിരത്ന രാജകുമാരിയാൽ പ്രത്യക്ഷമായ, കൊറിയൻ ജനതയുമായി ഇന്ത്യ ഒരു പുരാതന ബന്ധം പങ്കിടുന്നു. പുരാതന ഇന്ത്യയുമായും ബുദ്ധമതവുമായുള്ള കൊറിയയുടെ ചരിത്രപരവും സാംസ്കാരികവുമായ ബന്ധത്തെ കുറിച്ച് സന്ന്യാസിവര്യനായ മോങ്ക് ഡോംയുങ് എഴുതിയ ഒരു പുസ്തകം വിദേശകാര്യ മന്ത്രി അദ്ദേഹത്തിൽ നിന്ന് സ്വീകരിച്ചു. കൊറിയയിലെ പ്രശസ്തമായ നാഷണൽ മ്യൂസിയത്തിൽ ഇന്ത്യയുടെ സമ്പന്നമായ ബുദ്ധമത പൈതൃകം പ്രദർശിപ്പിക്കുന്ന ഒരു പ്രത്യേക പ്രദർശനം വിദേശകാര്യ മന്ത്രി സന്ദർശിച്ചു.

ഇരു രാജ്യങ്ങളും ഉഭയകക്ഷി ബന്ധത്തിന്റെ 50-ആം വാർഷികം ആഘോഷിച്ചതിന് തൊട്ടുപിന്നാലെയുള്ള വിദേശകാര്യ മന്ത്രിയുടെ കൊറിയ സന്ദർശനം രണ്ട് രാജ്യങ്ങളും തമ്മിലുള്ള പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള പുതിയ മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിന് അവസരം നൽകി.

**ന്യൂഡൽഹി**
**മാർച്ച് 6, 2024**